ആങ്കറിംഗും ക്യാപ്പിംഗും നടത്തിയശേഷം ജലവിതാനം ഉയർത്താൻ പറ്റുമോ എന്ന് തമിഴ്നാട് സെൻട്രൽ വാട്ടർ കമ്മീഷന്റെ മുമ്പിൽ ചോദ്യം ഉന്നയിച്ചു. ആങ്കറിംഗ് നടത്തിയാലും സ്ട്രെങ്തനിംഗ് നടത്തിയാലും ക്യാപ്പിംഗ് നടത്തിയാലും ശരി 136 അടിക്ക് അപ്പുറത്തേക്ക് ഈ ജലവിതാനം ഉയർത്താൻ സാധ്യമല്ല എന്നാണ് അന്നുമുതൽ കേരള ഗവൺമെന്റ് എടുത്തു വന്നിട്ടുള്ള നിലപാട്.

പ്രധാന പക്ഷിസങ്കേതങ്ങൾ

*2 [454] *ശ്രീ. ലൂഡി ലൂയിസ്:*

„ *എം. കെ. പോൾസൺ മാസ്റ്റർ:*

„ *ജോർജ് ജെ. മാത്യു:*

„ *വർക്കല കഹാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പ്രധാന പക്ഷി സങ്കേതങ്ങൾ ഉണ്ട്;

(ബി) ഈ പക്ഷിസങ്കേതങ്ങളിൽ മറ്റു രാജ്യങ്ങളിൽനിന്നും പക്ഷികൾ എത്തിച്ചേരാറുണ്ടോ;

(സി) എങ്കിൽ ഇവയുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):*

(എ) രണ്ട്.

(ബി) ഉണ്ട്.

(സി) പക്ഷിസങ്കേതത്തിലെത്തുന്ന പക്ഷികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ പൊതുജന പങ്കാളിത്തത്തോടുകൂടി സംരക്ഷണ പ്രവർത്തനങ്ങളും ആധുനിക വാർത്താവിനിമയ സംവിധാനവും ആയുധങ്ങളും നൽകി വനം വകുപ്പ് സ്റ്റാഫിനെ സജ്ജമാക്കുകയും നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ ഇവയുടെ ആവാസ വ്യവസ്ഥകൾക്ക് കോട്ടംവരാതെ അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ, പ്ളാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം, പഴവർഗ്ഗങ്ങൾ കായ്ക്കുന്ന വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ, പൊതുജനങ്ങളിൽ അവബോധമുയർത്താനുള്ള നടപടികൾ എന്നിവയും സ്വീകരിച്ചുവരുന്നു.

ശ്രീ. ലൂഡി ലൂയിസ്: സർ, കൊച്ചി നഗരത്തിന്റെ ഹൃദയ ഭാഗത്ത് സ്ഥിതിചെയ്യുന്നതാണ് മംഗളവനവും പക്ഷിസങ്കേതവും. അതിനോടനുബന്ധിച്ചുള്ള പ്രദേശത്ത് ഒട്ടേറെ വികസന പ്രവർത്തനങ്ങൾ ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

നടത്തിക്കൊണ്ടിരിക്കുകയാണ്. മംഗള വനത്തിനും അവിടെയുള്ള പക്ഷി സങ്കേതത്തിനും അവിടുത്തെ പക്ഷികളുടെ ആവാസ വ്യവസ്ഥയ്ക്കും കോട്ടം തട്ടാതിരിക്കാനായി എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: മംഗള വനത്തിലെ പക്ഷിസങ്കേതത്തിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് സഹായം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വികസനപ്രവർത്തനങ്ങൾ ഗവൺമെന്റ് ഏറ്റെടുത്ത് നടപ്പാക്കിവരുന്നു.

ശ്രീ. ലൂഡി ലൂയിസ്: സർ, ഒട്ടേറെ പക്ഷികൾക്ക് വംശനാശം നേരിട്ടുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. ഒട്ടേറെ ദേശാടനക്കിളികൾ നമ്മുടെ പല പ്രദേശത്തും എത്തിച്ചേരുന്നു. ഈ ദേശാടനക്കിളികളെ സംരക്ഷിക്കുന്നതിനുവേണ്ടി ജനകീയസമിതികൾ ഉണ്ടാക്കാൻവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങയുടെ നിർദ്ദേശം പരിഗണിക്കാം. ആ കൂട്ടത്തിൽ ഒരു കാര്യംകൂടി ഓർമ്മിപ്പിക്കുന്നു. 475 ഇനം പക്ഷികൾ കേരളത്തിലുണ്ടെന്നാണ് കണക്കാക്കുന്നത്. അതിൽ 247 എണ്ണം ദേശാടന കിളികളായി നിൽക്കുകയാണ്. ദേശാടനക്കിളികളുടെ വരവ്, അവയ്ക്ക് ഇവിടെ നിൽക്കത്തക്കവിധത്തിൽ നിലവിലുള്ള സൗകര്യം നിലനിർത്താനും കൂടുതൽ സൗകര്യമുണ്ടാക്കാനും ഗവൺമെന്റ് ശ്രമിക്കാം.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, എന്റെ നിയോജക മണ്ഡലത്തിലെ കാഞ്ഞാണി, ഏനാമ്മാവ് കോൾ കാർഷിക മേഖല ഒരു വലിയ പക്ഷി സങ്കേതമാണ്. അത്യപൂർവ്വപക്ഷികളും ദേശാടനപക്ഷികളും ഇവിടെ ധാരാളമുണ്ട്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്ന് പക്ഷികളെ വേട്ടയാടുന്നത് നിരോധിച്ച് ഒരു ബോർഡ് മാത്രമാണ് അവിടെയുള്ളത്. ധാരാളം പക്ഷികൾ അവിടെ വേട്ടയാടപ്പെടുന്നുണ്ട്. അതുകൊണ്ട് ഈ പക്ഷിസങ്കേതത്തെ സംരക്ഷിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അവിടെ ബോർഡ് സ്ഥാപിക്കുക മാത്രമല്ല ഞാൻ നേരത്തെ പറഞ്ഞതുപോലെ അവബോധമുണ്ടാക്കാനുള്ള പരിശ്രമങ്ങളും നമ്മൾ നടത്തുന്നുണ്ട്. ഇതൊക്കെയാണെങ്കിൽപ്പോലും പക്ഷികളെ വേട്ടയാടുന്നതിന് ആളുകൾ ഇറങ്ങുന്നുണ്ട് എന്നുള്ളത് യാഥാർത്ഥ്യമായി നിലനിൽക്കുകയാണ്. അങ്ങയുടെ നിയോജകമണ്ഡലത്തിൽപ്പെട്ട തൃശൂർ കോൾ നിലങ്ങൾ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പക്ഷി സങ്കേതങ്ങളിൽ ഒന്നാണ്. അത് സംരക്ഷിക്കാനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, നമ്മുടെ സംസ്ഥാനത്ത് രണ്ട് പക്ഷി സങ്കേതങ്ങളാണ് ഉള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. കാഞ്ഞാണി,

LIBRARY ARCHIVES Kerala Legislative Assembly

ഏനാമ്മാവ് തുടങ്ങിയ കോൾ കാർഷിക മേഖലയിലെ പക്ഷിസങ്കേതങ്ങൾ സംരക്ഷിക്കാനും ആകർഷകമാക്കാനും ടൂറിസ്റ്റുകളേയും അതുപോലെതന്നെ വിദ്യാർത്ഥികളേയുമൊക്കെ ആകർഷിക്കാനും പക്ഷി ഗവേഷണം പ്രോൽസാഹിപ്പിക്കാനും ഗവൺമെന്റ് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ നിന്ന് ഒരു പ്രോജക്ട് തയ്യാറാക്കി മൂന്നാമത്തെ പക്ഷി സങ്കേതമായി ഉയർത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നേരത്തെ രണ്ട് പക്ഷിസങ്കേതം എന്നു പറഞ്ഞത് ഒന്ന് തട്ടേക്കാടും മറ്റൊന്ന് മംഗളവനവുമാണ്. അവിടെ പക്ഷികൾക്ക് വന്ന് ഇരിക്കാനും പോകാനുമെല്ലാം സൗകര്യമുണ്ട്. അതേസമയം വേമ്പനാട്ട് കായലിലെ കുമരകം, വെള്ളായണി കായൽ, തൃശൂർ കോൾ നിലങ്ങൾ, കടലുണ്ടി, പൊന്നാനി തുടങ്ങിയ പ്രദേശങ്ങളിലും ധാരാളം ദേശാടനപക്ഷികൾ വരികയും പോകുകയും ചെയ്യുന്നുണ്ട്. അതാണ് ആ സങ്കേതത്തിന്റെ സൗകര്യം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ശ്രമിക്കുമെന്ന് പറഞ്ഞത്.

ശ്രീ. ജോർജ് ജെ. മാത്യു: കേരളത്തിലെ കായലുകളിൽ സാധാരണഗതിയിൽ ഇരുപത്താറാവുകൾ മറ്റ് രാജ്യങ്ങളിൽനിന്ന് വരാറുണ്ട്. അതിനെ നിരന്തരം വേട്ടയാടുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. അത് നിരോധിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? കാരണം ഇരുപതകളെ വെടിവയ്ക്കാൻ പോകുക എന്നുള്ളത് ഒരു സാധാരണ സംഭവമാണ്. അത് എല്ലാവരും നടത്തിക്കൊണ്ടിരിക്കുന്നു. അത് തടഞ്ഞില്ലെങ്കിൽ ഇരുപതകളുടെ എണ്ണം കുറഞ്ഞുവരികയാണ്. അതിന് എതിരായി എന്ത് നടപടികൾ സ്വീകരിച്ചു?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ. ഇരുപതകളെ മാത്രമല്ല പക്ഷികളെ വെടിവയ്ക്കുന്നതും നിയമവിരുദ്ധമാണ്. പക്ഷേ അതാണെങ്കിൽപ്പോലും നമ്മുടെ നാട്ടിൽ ചെയ്യുന്ന ആളുകൾ ഇല്ല എന്ന് എനിക്ക് പറയാൻ കഴിയില്ല. ഇനിയെങ്കിലും നമ്മൾ അതിനെ പ്രോൽസാഹിപ്പിക്കരുത്. പക്ഷികളെ വെടിവയ്ക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിന് എല്ലാവർക്കും ബോധവത്കരണത്തിലൂടെ നീങ്ങാം. അതും ഇതിന്റെ ഒരു ഭാഗമായി സർക്കാർ എടുത്തിട്ടുണ്ട്.

ശ്രീ. ജോർജ് ജെ. മാത്യു: അദ്ദേഹത്തിന് ഞാൻ ചോദിച്ച ചോദ്യം മനസ്സിലായില്ല. ഇരുപതവെടി എന്നുപറഞ്ഞാൽ ഇറച്ചിക്കുവേണ്ടി വെടിവയ്ക്കുന്നതാണ്. മറ്റ് പക്ഷികളെ വെടിവയ്ക്കാറില്ല. എന്റെ രണ്ടാമത്തെ ചോദ്യം, അദ്ദേഹം പറഞ്ഞു 465 ഇനം പക്ഷികൾ കേരളത്തിലുണ്ടെന്ന്. അതിൽ 300-ഓളം ഇനം അടുത്ത ദേശങ്ങളിൽ നിന്നാണ് എന്നു പറഞ്ഞു. അതിൽ എത്ര ഇനങ്ങൾ കഴിഞ്ഞകാലത്ത് ഉണ്ടായിരുന്നത് ഇപ്പോൾ വരാതായിട്ടുണ്ട്; എത്ര ഇനങ്ങൾ ഇപ്പോൾ കേരളത്തിൽനിന്ന് മാറിനിൽക്കുന്നു എന്ന് അറിയാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഏറ്റവും അവസാനത്തെ സെൻസസ് എടുക്കുന്നതേയുള്ളു. എടുത്തശേഷം അങ്ങയെ വിവരം അറിയിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല കഹാർ: സർ, പ്രകൃതിദത്തമായ സവിശേഷതയുള്ള സ്ഥലങ്ങളിലാണ് ദേശാടനക്കിളികൾ വരുന്നത്. ഈ സവിശേഷതകൾ പരിരക്ഷിക്കുന്നതിനുള്ള പദ്ധതികൾ വിശദീകരിക്കാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ദേശാടനക്കിളികൾ വരുന്ന പരമ്പരാഗത റൂട്ടുകളുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് അവ വരുന്നത്. അതല്ലാതെ ദേശാടനക്കിളികൾ ഇവിടെ തീറ്റ തേടിയെത്തുന്ന രൂപത്തിലല്ല വരുന്നത്. പരിസ്ഥിതി വിരുദ്ധമായ പ്രവർത്തനങ്ങൾ ഉണ്ടാകുമ്പോൾ സ്വാഭാവികമായി പക്ഷികൾ ഭയപ്പെടുകയും അവ മടങ്ങിപ്പോകുകയും ചെയ്യും. അതിനായിട്ടുള്ള ഒരു പരിസ്ഥിതി സംരക്ഷണമാണ് ആവശ്യം. നമുക്കാവശ്യമായിട്ടുള്ള പരിസ്ഥിതി സംരക്ഷണം കേന്ദ്രീകരിച്ചുള്ള നടപടികൾ ഗവണ്മെന്റ് എടുക്കുന്നതാണ്.

ശ്രീ. വർക്കല കഹാർ: സർ, സംസ്ഥാനത്ത് എത്തുന്ന ദേശാടന പക്ഷികളുടെ എണ്ണവും അവയുടെ വൈവിദ്ധ്യവും കുറഞ്ഞുവരുകയാണ്. പക്ഷിമൃഗാദികൾക്കുകൂടി അവകാശപ്പെട്ടതാണ് ഭൂമി എന്ന നമ്മുടെ പരമ്പരാഗത ദർശനത്തിന് കോട്ടം തട്ടിയതാണ് ഇതിനുകാരണം. ഇതു തടയുന്നതിനുവേണ്ടിയുള്ള ദീർഘകാല പദ്ധതിയെക്കുറിച്ച് സർക്കാർ ആലോചിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ദീർഘകാല പദ്ധതികളെക്കുറിച്ച് ആലോചിക്കുമെന്നു മാത്രമല്ല, പക്ഷികളേയും മൃഗങ്ങളേയും സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ എടുക്കും. ഈ കൂട്ടത്തിൽ അനുബന്ധമായി അങ്ങയുടെ അനുമതിയോടുകൂടി ഞാൻ ഒരു കാര്യം പറയുന്നു, നമ്മുടെ സംസ്ഥാനത്ത് നാലഞ്ചു സ്ഥലത്തു നിന്ന് കടുവാത്തോൽ കണ്ടെടുത്തു. മൃഗങ്ങളെ സംരക്ഷിക്കുന്നതിന് ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. പക്ഷേ കടുവകളെ വെടി വയ്ക്കുന്നത് ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഗവണ്മെന്റിന്റെ ശ്രദ്ധയിൽ ഇതുവന്നു കഴിഞ്ഞപ്പോൾ ഗവണ്മെന്റ് കണ്ട കേസ്സുകൾ സംബന്ധിച്ച് സി.ബി.ഐ.-ക്ക് കൊടുക്കുന്നതിനുവേണ്ടി തീരുമാനമെടുത്തിട്ടുണ്ട്. അങ്ങനെ നമ്മുടെ കടുവകളേയും പക്ഷിമൃഗാദികളേയും സംരക്ഷിക്കുന്നതിനുവേണ്ടി ശക്തമായ ഒരു നിലപാടാണ് ഗവണ്മെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, കടലുണ്ടി പക്ഷികേന്ദ്രം എന്റെ മണ്ഡലത്തിലാണ്. ഈ പക്ഷികേന്ദ്രത്തെപ്പറ്റി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സങ്കേതം സംരക്ഷിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കടലുണ്ടി പുഴയോരത്ത് സീസണിൽ എത്തിച്ചേരുന്ന പക്ഷികളെ സംരക്ഷിക്കാൻ എന്തെങ്കിലും നടപടി സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സമയം തീർന്നതുകൊണ്ട് എല്ലാം പരിഗണിക്കാമെന്ന പദപ്രയോഗത്തിൽ ഞാൻ ഒതുക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly